പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3144 — 10.05.2017 -ൽ മറുപടിക്ക്.

**ഭക്ഷ്യ ധാന്യ വിഹിതം നഷ്ടമാകമെന്ന എഫ്.സി.ഐയുടെ മുന്നറിയിപ്പ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) അർഹതപ്പെട്ട ധാന്യ വിഹിതം കൃത്യമായി ഏറ്റെടുക്കാത്തതിനാൽ സംസ്ഥാനത്തിന്റെ ഭക്ഷ്യ ധാന്യ വിഹിതം നഷ്ടമാകുമെന്ന എഫ്.സി.ഐയുടെ മുന്നറിയിപ്പ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യേണ്ട മാസത്തിന് മുൻപുള്ള മാസത്തിന്റെ അവസാന ദിവസത്തിനകം വിട്ടെടുത്തിരിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയത്തിനുള്ളിൽ വിട്ടെടുപ്പ് പൂർത്തീകരിക്കണമെന്ന് എഫ്.സി.ഐ.യിൽ നിന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വന്നതിനു ശേഷം അട്ടിക്കൂലിയുടെ പേരു പറഞ്ഞ് എഫ്.സി.ഐ തൊഴിലാളികൾ പണിമുടക്കിയതും ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ മുഖാന്തരം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതും സമയബന്ധിതമായുള്ള വിട്ടെടുപ്പിന് വിഘാതമായി. എങ്കിലും 2017 മെയ് മാസത്തേക്കുള്ള വിട്ടെടുപ്പിന് സമയപരിധി ദീർഘിപ്പിക്കുന്നതിന് നടപടിയെടുക്കുകയും എഫ്.സി.ഐയിൽ നിന്ന് ദീർഘിപ്പിച്ചു ലഭിച്ച ഉത്തരവു പ്രകാരം നിശ്ചിത തീയതിക്കുള്ളിൽ വിട്ടെടുപ്പ് പൂർത്തിയാക്കണമെന്ന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ജില്ലാ സപ്ലൈ ആഫീസർമാർ, ഭക്ഷ്യധാന്യങ്ങളുടെ സമയബന്ധിതമായ വിട്ടെടുപ്പിന് പ്രഥമ പരിഗണന നൽകുകയും താലൂക്ക് സപ്ലൈ ആഫീസർമാരുമായും എഫ്.സി.ഐ അധികൃതരുമായും കൂടിയാലോചിച്ച് വാഗൺ പ്ലേസ്മെന്റ്, തൊഴിലാളി പ്രശ്നങ്ങൾ, പ്രാദേശിക പണിമുടക്കുകൾ എന്നിവയുടെ സാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് നിശ്ചിത തീയതിക്കുള്ളിൽ വിട്ടെടുപ്പ് പൂർത്തിയാക്കാനാവശ്യമായ രൂപരേഖ തയ്യാറാക്കുകയും നിശ്ചിത തീയതിക്കുള്ളിൽ വിട്ടെടുപ്പ് പൂർത്തിയാക്കാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും തടസ്സങ്ങളുണ്ടായാൽ ജില്ലാ കളക്ടർ തലത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

ഓരോ ദിവസവും ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ജില്ലകളിൽ നിന്ന് ലഭ്യമാക്കി അതിനനുസൃതമായ നിർദ്ദേശങ്ങളും ജില്ലകൾക്ക് നൽകുന്നുണ്ട്. കൂടാതെ എഫ്.സി.ഐ യിലെ സ്റ്റോക്കിന്റെ ലഭ്യതക്കുറവ്, തൊഴിലാളികളിൽ നിന്നുള്ള തടസ്സങ്ങൾ എന്നിവ പരിഹരിക്കുന്നതിന് എഫ്.സി.ഐ അധികൃതരുമായി നിരന്തരം ബന്ധപ്പെട്ടു കയും രേഖാമൂലം നടപടിയാവശ്യപ്പെട്ടുകയും ചെയ്യുന്നുണ്ട്.

**(ബി)** കോട്ടയം എഫ്.സി.ഐ യിൽ നിന്നും സമയത്ത് അരി എടുക്കാതിരുന്നതിനാൽ എത്ര ടൺ അരിയാണ് നഷ്ടമായത്; ഇത്തരത്തിൽ കൂടുതൽ കേന്ദ്ര അരിവിഹിതം നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

**(ബി)** കോട്ടയത്ത് ചിങ്ങവനം എഫ്.സി.ഐ ഡിപ്പോയിൽ തുടർച്ചയായുണ്ടായ വാഗൺ പ്ലേസ്മെന്റ് മുഖാന്തരം 1298.829095 (130 ലോഡ്) മെ.ടൺ ഭക്ഷ്യധാന്യങ്ങൾ നിശ്ചിത തീയതിക്കുള്ളിൽ വിട്ടെടുക്കാൻ കഴിഞ്ഞില്ല. വിട്ടെടുക്കാൻ കഴിയാതെവന്ന സാഹചര്യം വിശദീകരിച്ച് വിട്ടെടുപ്പിന് സമയപരിധി ദീർഘിപ്പിക്കണമെന്ന കാണിച്ച് കേന്ദ്ര സർക്കാരിന് നൽകിയ അപേക്ഷ നിരസിക്കുകയുണ്ടായി. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന് വീണ്ടും കത്ത് നല്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പാർലമെന്റ് അംഗം ചെയർപേഴ്സണും, എഫ്.സി.ഐ ജനറൽ മാനേജർ സെക്രട്ടറിയും, കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അനൗദ്യോഗിക അംഗങ്ങളുമുൾപ്പെടുന്ന സ്റ്റേറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റിയ്ക്കു മുൻപാകെ ടി വിഷയം അവതരിപ്പിക്കുകയും രേഖാമൂലം അപേക്ഷ സമർപ്പിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ ജനുവരി 2017 ക്വാട്ടയിൽ അവശേഷിക്കുന്ന ടി ഭക്ഷ്യധാന്യങ്ങൾക്ക് വിട്ടെടുപ്പ് തീയതി ദീർഘിപ്പിച്ചു ലഭിക്കുന്നതിന് സ്റ്റേറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ